"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ അലക്സ് സി. -ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2944/2025/LSGD തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.02.2025-ലെ LSGD/PD/2804/2024-DEA1 നമ്പർ നടപടി ക്രമം.
2. ശ്രീ. അലക്സ് സി., ഡെപ്യൂട്ടി ഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.03.2025 ലെ LSGD/PD/8091/2025-DEH4 നമ്പർ കത്ത്.

4 സ.ഉ.(സാധാ)നം. 2424/2025/LSGD തീയതി 06.10.2025

**ഉത്തരവ്**

ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. ശ്രീകുമാർ എസ്. 23.01.2025 മുതൽ 22.02.2025 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. അലക്സ് സി. ക്ക് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത നടപടി ക്രമം സാധൂകരിച്ച് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. അധിക ചുമതല വഹിച്ചതിന് ചാർജ് അലവൻസ് അനുവദിക്കണമെന്ന ശ്രീ. അലക്സ് സി. യുടെ പരാമർശം (2) അപേക്ഷ തുടർ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ പരിവർത്തിതാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ അലക്സ് സി. ക്ക് കെ.എസ്.ആർ ഭാഗം 1, ചട്ടങ്ങൾ 53(b) (2) [സ.ഉ.(പി) നം. 88/201//ധന.

തീയതി 11.07.2017 പ്രകാരം ഭേദഗതി ചെയ്തത്], 53 A II(C), 53(C) എന്നിവ പ്രകാരം ജോയിന്റ് ഡയറക്ടറുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 23/01/2025 മുതൽ 22/02/2025 വരെയുള്ള കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ അലക്സ് സി., ഡെപ്യൂട്ടി ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, ആലപ്പുഴ *(പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)*

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള , (തിരുവനന്തപുരം/തൃശ്ശൂർ)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ആലപ്പുഴ

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/99/2025-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 12-12-2025 10:32:55

സെക്ഷൻ ഓഫീസർ